"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - എരുമേലി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഇൻസിനേറ്ററിന്റെ വൈദ്യുതി കണക്ഷൻ 3-ഫേസ് ആക്കി മാറ്റുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി.യിൽ തുക ഒടുക്കുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്

സ.ഉ.(സാധാ) നം.2162/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 01/11/2021

---

പരാമർശം:- എരുമേലി ഗ്രാമപഞ്ചാത്ത് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച 25.09.2021-ലെ നിവേദനം.

**ഉത്തരവ്**

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വളരെയധികം മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്ന ഒരു പ്രദേശമാണ് എരുമേലി ഗ്രാമപഞ്ചായത്ത്. ഗ്രാമപഞ്ചായതിന് ഒരു മാലിന്യനിർമ്മാർജ്ജന പ്ലാൻറ് സ്വന്തമായി ഉള്ളതും ആയതിൽ ഇൻസിനേറ്റർ സ്ഥാപിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഇൻസിനേറ്ററിന് നിലവിൽ സിങ്കിൾ ഫേസ് കണക്ഷൻ മാത്രമാണുള്ളതെന്നും ആയത് പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കുന്നതിന് 3-ഫേസ് ലൈൻ അത്യാന്താപേക്ഷിതമാണെന്നും ആയതിന് കെ.എസ്.ഇ.ബി.യിൽ 175041 രൂപ ഒടുക്കേണ്ടതുണ്ടെന്നും ഈ പ്രവൃത്തി 2021-22 ലെ മണ്ഡലകാലത്തിന് മുൻപ് പൂർത്തികരിക്കേണ്ടതുണ്ടെന്നും നിലവിൽ തുക ഒടുക്കുന്നതിന് പദ്ധതി രൂപികരിച്ചിട്ടില്ലാത്തതാണെന്നും ആയതിനാൽ ടി തുക ഒടുക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്നും പരാരമർശിത കത്തിലൂടെ എരുമേലി ഗ്രാമപഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് വളരെയധികം മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്ന സാഹചര്യം കണക്കിലെടുത്തും ഇൻസിനേറ്റർ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതിന് 3-ഫേസ് ലൈൻ അത്യന്താപേക്ഷിതമായതിനാലും കെ.എസ്.ഇ.ബി.യിൽ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥയിൽ 175041 രൂപ (ഒരു ലക്ഷത്തി എഴുപത്തിഅയ്യായിരത്തി നാല്പത്തൊന്ന് രൂപ മാത്രം ഒടുക്കുന്നതിന് എരുമേലി ഗ്രാമപഞ്ചായതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, എരുമേലി ഗ്രാമപഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-1) & (ഓഡിറ്റ് -2), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ & പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എസ്സ്